**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2315** **14-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഡോക്ടർമാരുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഡോക്ടർമാരുടെ സേവനം ആവശ്യാനുസരണം ക്രമപ്പെടുത്തുന്നതിന് നിലവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | രോഗികളുടെ വർദ്ധനവിനനുസരിച്ച് സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ഏർപ്പെടുത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഡോക്ടർമാരുടെ സേവനം ആവശ്യാനുസരണം ക്രമപ്പെടുത്തുന്നതിന് നിലവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തൃശ്ശൂർ ജില്ലയിലെ ചേർപ്പ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനും വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടറെ നിയമിക്കുന്നതിന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ടി വിഷയത്തിൽ സാങ്കേതികാനുമതിക്കായി പ്രൊപ്പോസൽ ഡി.എച്ച്.എസ് -ന് സമർപ്പിച്ചിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ